# 34
# യോഹന്നാൻ സ്നാപകന്റെ മരണം
## (14:1-12)

യേശുവിന്റെ ശുശ്രൂഷയെ ത്യജിച്ച വിഷയം മത്തായി 11 ലും 12 ലും കണ്ടു. അദ്ധ്യായം 13 ലെ ഉപമകൾക്കു ശേഷം, അദ്ധ്യാം 14 മുതൽ 17 വരെ യേശുവിനോടുള്ള വേറെ പ്രതികരണങ്ങൾ വിവരിച്ചിരിക്കയാണ്. യേശുവിനെ കാണുകയും അവന്റെ ഉപദേശം കേൾക്കയും ചെയ്ത ആളുകൾ രണ്ട് വ്യത്യസ്ഥ സംഘങ്ങളായി തീർന്നു: അവനെ മശിഹയായി അംഗീകരിച്ചവരും അല്ലാത്തവരും, അവനെ സ്വികരിച്ചവരും, അവനെ തള്ളിക്കളഞ്ഞവരും. യേശു നൽകിയതായ വിഭജിക്കുന്ന വാളിന്റെ ഉപമയും ആ വിഭജനത്തെ പ്രതിഭലിപ്പിക്കുന്നു.[1]

ഈ അദ്ധ്യായത്തിൽ, യേശുവിനെ അവതരിപ്പിച്ചിരിക്കുന്നത് മൂന്ന് വ്യത്യസ്ത കാഴ്ച്ചപ്പാടുകളിൽ കാണാം. യേശുവിനെ യോഹന്നാൻ മരിച്ചവരിൽ നിന്ന് എഴുന്നേറ്റുവന്നവനാണെന്ന് ഇടപ്രഭുവായിരുന്ന ഹേരോദാവ് കരുതി (14:1-12). യേശു ഭൗതീകമായ മശിഹയായി തങ്ങളുടെ വിശപ്പും വേദനയും, രോഗവും ശമിപ്പിക്കുന്നവനായിട്ടാണ് യേശുവിനെ പുരുഷാരം കണ്ടത് (14:13-21, 34-36). യേശു വെള്ളത്തിന്മേൽ നടന്നപ്പോൾ, ശിഷ്യന്മാർ അവനെ ഭൂതമെന്ന് തെറ്റിദ്ധരിച്ചു, എന്നാൽ പിന്നീട് അവൻ ദൈവപുത്രനാണെന്ന് വ്യക്തമാക്കി (14:22-33).

ഒരർത്ഥത്തിൽ, യേശുവിന്റെ വരുവാനിരിക്കുന്ന മരണത്തിൻെറ നിഴലായിരുന്നു യോഹന്നാന്റെ മരണം. യോഹന്നാനും യേശുവും ഉപദ്രവിക്കപ്പെട്ടു. അന്യോന്യം ഉയർന്നവരെന്ന് പ്രരസ്താവിച്ചു, രണ്ടുപേരും, അവരുടെ സ്വന്ത ജനത്തിനിടയിലേക്കാണ് വന്നത്, എന്നാൽ ജനം അവരെ തള്ളിക്കളഞ്ഞു (14:1-12).[2]

### യേശുവിനെക്കുറിച്ച് ഹെരോദാവിന്റെ തെറ്റായ വിക്ഷണം (14:1, 2)

**1ആ കാലത്ത് ഇടപ്രഭുവായ ഹെരോദാവ് യേശുവിന്റെ ശ്രുതികേട്ടിട്ട്: 2"അവൻ യോഹന്നാൻ സ്നാപകൻ; അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തു; അതുകൊണ്ടാകുന്നു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നതു എന്നു തന്റെ ഭൃത്യന്മാരോട് പറഞ്ഞു."**

**വാക്യം 1.** പ്രസ്താവനകളെ യോജിപ്പിക്കുവാൻ മത്തായി പൊതുവിൽ ഉപയോഗിച്ച പ്രയോഗമായിരുന്നു **ആകാലത്ത്** എന്നത് (11:25; 12:1); അതിനു കൃത്യമായ കാലനിർണയം ആവശ്യമില്ല എന്നു സൂചിപ്പിക്കുന്നു. എങ്കിലും, ഈ പ്രസ്താവന മുമ്പിലത്തേ ചിന്താവിഷയവുമായി യോജിക്കുന്നു. നസറേത്തിൽ, ആളുകൾ ചോദിച്ചു, "ഈ മനുഷ്യന് ഈ ജ്ഞാനവും അത്ഭുത ശക്തികളും എവിടെന്നു ലഭിച്ചു?" (13:54). ആ ചോദ്യം വാക്യം 1 ലും 2 ലും കാണാം, ഹെരോദാവു നൽകിയ ഉത്തരം തെറ്റായിരുന്നു.

ഇവിടെ പറഞ്ഞ ഭരണാധികാരി **ഇടപ്രഭുവായ ഹെരോദാവ്** അന്തിപ്പാസായിരുന്നു. മഹാനായ ഹെരോദാവ് മരിച്ചശേഷം തന്റെ രാജ്യം മൂന്നു മക്കൾക്കായി ഭാഗിച്ചു കൊടുക്കണമെന്ന് ഒസ്യത്ത് ഉണ്ടായിരുന്നു. യെഹൂദ്യാ, ശമര്യാ, യെദൂമിയ എന്നീ സ്ഥലങ്ങൾ അർക്കലയാസിന്റെ ചുമതലയിൽ പെട്ടതായിരുന്നു. യോസേഫും മറിയയും യേശുവിനേയും കൊണ്ട് മിസ്രയീമിൽ വന്നപ്പോൾ വാഴുന്നത് അവനായിരുന്നു. അവന്റെ ക്രൂരത്വത്തെ ഭയന്ന്, സ്വപ്നത്തിൽ മുന്നറിയിച്ചതുപോലെ തന്റെ കുടുംബത്തോടൊപ്പം യോസേഫ് ഗലീലയിലെ നസ്രേത്തിലേക്ക് മടങ്ങിപ്പോയി (2:22, 23).

ഹെരോദാവ് ഫിലിപ്പോസ് II നു വടക്കൻ പ്രവശ്യകളായ ട്രക്കോണിറ്റീസ്, ഇതൂര്യ, ഗൗലാനിറ്റീസ്, ബട്ടനി, ഔറേനിറ്റീസ് എന്നിവ നൽകിയിരുന്നു. ഗലീലിയും പെറിയയും ഉൾപ്പടെ രണ്ടിനും മദ്ധ്യേ ഉള്ള പ്രദേശങ്ങൾ ഹെരോദാവ് അന്തിപ്പാസിനു നൽകിയിരുന്നു. അർക്കലയാസിന് എത്തനാർച്ച് എന്ന പദവി ("ആളുകളെ ഭരിക്കുക"), എന്നാൽ അന്തിപ്പാസിനും ഫിലിപ്പോസ് II നും "ഇടപ്രഭുക്കന്മാർ," അല്ലെങ്കിൽ "നാലാം ഭാഗം ഭരിക്കൽ" (ലൂക്കൊ. 3:1).[3] രണ്ടാമത്തെ പേർ രാജാവിനേക്കാൾ അല്ലെങ്കിൽ എത്നാർച്ചിനേക്കാളും സ്വാധീന ശക്തി കുറഞ്ഞ രാജകുമാരനോ ചെറിയ ഭരണാധികാരിയോ ആയിരിക്കാം.

മഹാനായിരുന്ന ഹെരോദാവിന് ശമര്യക്കാരി ഭാര്യയായിരുന്ന മൽതെയിസിൽ ജനിച്ച മകനായിരുന്നു ഹെരോദാവ് അന്തിപ്പാസ്. അതിനർത്ഥം അവന്റേ അപ്പനേക്കാൾ കുറഞ്ഞ യെഹൂദ രക്തമായിരുന്നു അവനിൽ ഉണ്ടായിരുന്നത് എന്നാണ്. ബി. സി. 4 മുതൽ ഏ. ഡി. 39 വരെയായിരുന്നു ഹെരോദാവ് അന്തിപ്പാസ് പെറിയയും ഗലീലയും വാണത്. ആ കാലയളവിലായിരുന്നു യേശുവിന്റെ നസറേത്തിലെ ജീവിതവും അവന്റെ ശുശ്രൂഷാ കാലവും.

മഹാനായിരുന്ന ഹെരോദാവടക്കം മറ്റു ഹെരോദാവ്മാരേക്കാളധികം ഹെരോദാവ് അന്തിപ്പപാസിനെ കുറിച്ച് പുതിയനിയമത്തതിൽ വിവരിക്കുന്നുണ്ട്. ഈ വേദഭാഗത്തിൽ, യോഹന്നാൻ സ്നാപകന്റെ മരണവുമായി അവനു പങ്കുണ്ടായിരുന്നു (14:1-12). യേശുവിനെ രണ്ടാമത്തെ വിചാരണക്കായി പൊന്തിയോസ് പിലാത്തോസിന്റെ അടുക്കലേക്ക് അവനെ അയച്ചപ്പോഴും, അവൻ ഭരണതലത്തിലായിരുന്നു. ആ യോഗത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ലൂക്കൊസ് തന്റെ വിവരണത്തിൽ നൽകുന്നു (ലൂക്കൊ. 23:6-12). യേശുവിനെ അഭിമുഖം നടത്തുവാൻ സന്തോഷമുണ്ടായിരുന്നതിനാൽ, പിലാത്തൊസ് പ്രത്യേക താൽപര്യം കാണിച്ച് അവന്റെ അടുക്കലേക്ക് അയച്ചിരുന്നു എന്നു കരുതപ്പെടുന്നു. വളരെ കാലമായി അവർക്കിടയിൽ നിലനിന്ന ഒരു അകൽച്ചക്ക് പിലാത്തൊസിന്റെ ഭാഗത്തുനിന്നുണ്ടായ ആ പ്രവൃത്തി അൽപം അയവ് വരുത്തി. യേശുവിനെ കുറിച്ച് പറഞ്ഞു കേട്ടിരുന്നതുകൊണ്ട്, അവൻ ഒരു അത്ഭുതം ചെയ്തുകാൺമാൻ ഹെരോദാവ് ആഗ്രഹിച്ചിരുന്നു. എന്നാൽ ഹെരോദാവിന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ യേശു കൂട്ടാക്കാതിരുന്നതിനാൽ, അവൻ യേശുവിനെ പടയാളികൾക്ക് ഏൽപിച്ചുകൊടുത്തു. അവർ അവനോട് യാതൊരു കരുണയുമില്ലാതെ, മോശമായി പെരുമാറുകയും അവനെ വീണ്ടും പിലാത്തൊസിന്റെ അടുക്കലേക്ക് അയക്കുകയും ചെയ്തു.

**യേശുവിന്റെ ശ്രുതി കേട്ടിട്ട് ഹെരോദാവ്** എന്നാണ് മത്തായി പറയുന്നത്. "വാർത്ത" (*അകോയെ*) എന്നത് "ശ്രുതി" (കെജെവി) എന്നും "വിവരങ്ങൾ" (എൻഐവി) എന്നും തർജിമ ചെയ്യാം. ആ വാക്ക് ആദ്യം വന്നത് "അവനെ കുറിച്ചുള്ള ശ്രുതി സുറിയയിലെങ്ങും പരന്നു" എന്നതിലായിരുന്നു (4:24),

അവന്റെ ശ്രുതി പാലസ്തീൻ മുഴുവൻ വ്യാപിച്ചു എന്നർത്ഥം (4:24, 25 ന്റെ പരാമർശം നോക്കുക). യേശുവിന്റെ പരിമിതമായ ആജ്ഞ കൊടുത്തയച്ച പശ്ചാത്തലത്തിലായിരിക്കാം ഹെരോദാവ് അവനെ കുറിച്ച് കേട്ടതെന്നു മർക്കൊസിലും ലൂക്കൊസിലും കാണാം, അപ്പോൾ അപ്പൊസ്തലന്മാർ അവന്റെ അധികാരത്തിൽ രോഗികളെ സൗഖ്യമാക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തിരുന്നു (മർ. 6:12-14; ലൂക്കൊ. 9:6, 7). ആ വിവരങ്ങളുടെ ഉറവിടത്തെ വേദഭാഗം പറയുന്നില്ല. കഫർന്നഹൂമിൽനിന്ന് ഗലീലാ കടൽക്കരയിലുള്ള ഹെരോദാവിന്റെ തലസ്ഥാന നഗരമായ തിബര്യാസിലേക്ക് അധികം ദൂരം ഇല്ലായിരുന്നു. യേശുവിനോടുകൂടെ സഞ്ചരിക്കുകയും അവനെ സഹായിക്കുകയും ചെയ്ത സ്ത്രീകളിൽ ഒരാളായിരുന്നു കൂശിന്റെ ഭാര്യ, ഒരുപക്ഷെ കൂശ് മുഖാന്തരമായിരിക്കാം യേശുവിന്റെ വിവരം ഹെരോദാവ് അറിഞ്ഞത് (ലൂക്കൊ. 8:1-3).[4] വേറൊരു സാധ്യത എന്തെന്നാൽ, ഹെരോദാവും ക്രിസ്തീയ പ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്ന മനായേൻ മുഖാന്തരം ആയിരിക്കാം എന്നതാണ്, അവൻ പിന്നീട് പരിവർത്തനം ചെയ്യപ്പെട്ടു (പ്രവൃ. 13:1).

**വാക്യം 2**. യേശു തന്നെ കുറിച്ച് പലപ്പോഴും "മനുഷ്യപുത്രൻ" എന്നാണ് പറഞ്ഞിരുന്നതെങ്കിലും, അവനു ചുറ്റുമുള്ളവർ അവനെ മറ്റു പേരുകളിലാണ് വിളിച്ചിരുന്നത്. അവൻ ശിഷ്യന്മാരോട് "ആളുകൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?" എന്നു ചോദിച്ചപ്പോൾ (16:13), അവർ നൽകിയ ആദ്യത്തെ ഉത്തരം "യോഹന്നാൻ സ്നാപകൻ" എന്നാണ് (16:14). യോഹന്നാൻ സ്നാപകൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റവനാണ് യേശു എന്ന ജനങ്ങളുടെ സംസാരം ഹെരോദാവ് സ്വീകരിച്ചിരുന്നു (മർ. 6:14-16; ലൂക്കൊ. 9:7-9). അവൻ തന്റെ ദാസന്മാരോട് പറഞ്ഞത് **"ഇവൻ യോഹന്നാൻ സ്നാപകനാണ്; അവൻ മരിച്ചവരിൽനിന്നും എഴുന്നേറ്റുവന്നതിനാലാണ്, ഈ അത്ഭുതങ്ങളെല്ലാം അവൻ ചെയ്യുന്നത്**."

പല കാരണങ്ങൾ കൊണ്ടും പറയപ്പെടാത്ത അന്ധവിശ്വാസമായിരിക്കാം അത്തരം നിഗമനത്തിലെത്തുവാനിടയായത്: (1) യേശുവും യോഹന്നാനും വയസിൽ വലിയ വ്യത്യാസമില്ലായിരുന്നു. ആറു മാസത്തെ വ്യത്യാസമെ അവർ തമ്മിൽ ഉണ്ടായിരുന്നുള്ളു (ലൂക്കൊ. 1:26, 56, 57). (2) അവരുടെ ശുശ്രൂഷകൾ തമ്മിൽ കെട്ടിമറിഞ്ഞു കിടന്നിരുന്നു (3:13; യോഹ. 3:30). (3) ഒരേ സന്ദേശമാണ് യോഹന്നാനും യേശുവും പ്രസംഗിച്ചത്: "സ്വർഗ രാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ" (3:2; 4:17). (4) യോഹന്നാൻ തന്റെ ആയുസിൽ ഒരിക്കലും അത്ഭുതം ചെയ്തിട്ടില്ല (യോഹ. 10:41),[5] എന്നാൽ യേശു വലിയ അത്ഭുതങ്ങളും അടയാളങ്ങളും നടത്തി. വേർപിരിഞ്ഞുപോയ ആത്മാക്കൾ വന്ന് ജീവിച്ചിരിക്കുന്നവരിൽ അമാനുഷിക പ്രവർത്തികൾ നടത്തും എന്നു വിശ്വസിച്ചിരുന്ന കാലമായതുകൊണ്ടാകാം ഹെരോദാവ് അങ്ങനെ കരുതിയത്. ആ കാഴ്ച്ചപ്പാട് വെച്ചാണ്, യോഹന്നാൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ് യേശുവിൽ വലിയ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുന്നു എന്ന് ഹെരോദാവ് വിവേചിച്ചത്.[6]

ഹെരോദാവിന്റെ ഉള്ളിലുള്ള കുറ്റാരോപണ മനസാക്ഷി നിമിത്തവുമായിരിക്കാം അവൻ അങ്ങനെ ചിന്തിച്ചത് കാരണം അവൻ അന്യായമായിട്ടായിരുന്നു യോഹന്നാൻ സ്നാപകനെ കൊല്ലിച്ചത്. അതായിരുന്നു ഹെരോദാവിന്റെ സ്വഭാവം. ജാക് പി. ലേവിസ് പറഞ്ഞു, ജോസെഫസ് പറഞ്ഞതനുസരിച്ച്, "മഹാനായിരുന്ന ഹെരോദാവ് തന്റെ മക്കളായ അലെക്സാണ്ടറെയും അരി

സ്തോബുലസിനേയും കൊല്ലിച്ചതിന്റെ ഫലമായി അവരുടെ ആത്മാക്കൾ ഹെരോദാവിനെ വേട്ടയാടിക്കൊണ്ടിരുന്നു.”[7]

## യോഹന്നാനെ പിടിച്ച രേഖയും മരണവും (14:3-12)

**3ഹെരോദാവ് തന്റെ സഹോദരനായ ഫിലിപ്പൊസിന്റെ ഭാര്യ ഹെരോദ്യ നിമിത്തം, “അവൾ നിനക്ക് ഭാര്യയായിരിക്കുന്നത് വിഹിതമല്ല” 4എന്നു യോഹന്നാൻ അവനോട് പറഞ്ഞതുകൊണ്ട് തന്നെ അവനെ പിടിച്ചുകെട്ടി തടവിലാക്കിയിരുന്നു. 5അവനെ കൊല്ലുവാൻ മനസുണ്ടായിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകയാൽ, അവരെ ഭയപ്പെട്ടു.**

**6എന്നാൽ ഹെരോദാവിന്റെ ജനനദിവസം ആയപ്പോൾ ഹെരോദ്യയുടെ മകൾ സഭാമദ്ധ്യേ നൃത്തം ചെയ്തു ഹെരോദാവിനെ പ്രസാദിപ്പിച്ചു. 7അതുകൊണ്ട് എന്തു ചോദിച്ചാലും അവൾക്ക് നൽകും എന്നു അവൻ സത്യം ചെയ്തു വാക്ക് കൊടുത്തു. 8അവൾ അമ്മയുടെ ഉപദേശപ്രകാരം യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ തരേണം എന്നു പറഞ്ഞു. 9രാജാവ് ദുഃഖിച്ചു എങ്കിലും ചെയ്ത സത്യത്തേയും വിരുന്നുകാരേയും വിചാരിച്ചു അതു കൊടുപ്പാൻ കൽപിച്ചു; 10ആളയച്ചു തടവിൽ യോഹന്നാന്റെ ശിരഃഛേദം ചെയ്യിച്ചു. 11അവന്റെ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലെക്ക് കൊടുത്തു; അവൾ അമ്മക്ക് കൊണ്ടുപോയി കൊടുത്തു. 12അവന്റെ ശിഷ്യന്മാർ ചെന്നു ഉടൽ എടുത്തു കുഴിച്ചിട്ടു; പിന്നെ വന്നു യേശുവിനെ അറിയിച്ചു.**

യോഹന്നാൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റവനാണ് യേശു എന്ന് ഹെരോദാവ് കരുതുവാനുള്ള മുൻ സംഭവ കാരണത്തെ ഈ തിരുവെഴുത്തു ഭാഗം വിരൽ ചൂണ്ടുന്നു. കാലനിർണ്ണയപ്രകാരം യോഹന്നാനെ ആദ്യം പിടിച്ചു തടവിലാക്കി (4:12); തടവിലായ യോഹന്നാൻ കുറെ നാൾ കഴിഞ്ഞ് ക്ഷീണിതനായപ്പോൾ, തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ ആളയച്ചു വരുവാനുള്ളവൻ അവൻ തന്നെയോ എന്നു ചോദിപ്പിച്ചു (11:1-6). ഹെരോദാവിന്റെ പിറന്നാൾ സൽക്കാരത്തിൽ, ഹെരോദ്യയുടെ മകൾ ശലോമിയുടെ അഭ്യർത്ഥനപ്രകാരം, യോഹന്നാന്റെ ശിരഃഛേദം നടത്തി (14:3-12). ആ ഭയാനകമായ ഓർമ്മ ഹെരോദാവിനെ ബാധിച്ചിരുന്നതിനാൽ, യോഹന്നാൻ ഉയിർത്തെഴുന്നേറ്റവനാണ് യേശു എന്ന് അവൻ അനുമാനിച്ചു (14:1, 2).

ക്രിസ്തുവിന്റെ അന്യായമായ മരണത്തെ ഈ വാക്യങ്ങൾ ഒരുപക്ഷെ മുന്നറിയിക്കുന്നുണ്ടാകാം. ആർ ഏ. ഹെയർ വിചാരിച്ചത്:

> വേദശാസ്ത്രപരമായി, യേശുവിന്റെ വികാരത്തെയാണ് ആ സംഭവം ഓർപ്പിക്കുന്നത്. യോഹന്നാനെ പോലെ യേശുവും രാഷ്ട്രീയ നേതാക്കളുടെ അപ്രീതിക്ക് പാത്രമാകുകയും അവസാനം അവനെ ക്രൂശിൽ തറെപ്പിച്ചു കൊല്ലുകയും ചെയ്തു. യേശുവും മൂന്നു ശിഷ്യന്മാരും മറുരൂപമലയിലായിരുന്നപ്പോൾ നടന്ന സംഭാഷണം അതിനു സമാന്തരമായി കാണാം (17:9-13).[8]

**വാക്യങ്ങൾ 3, 4. ഹെരോദാവ് യോഹന്നാനെ പിടിച്ചു തടവിലാക്കി** എന്നാണ് മത്തായി രേഖപ്പെടുത്തിയിരിക്കുന്നത്. പടയാളികൾ **അവനെ പിടിച്ചു** ഹെരോദാവിന്റെ അടുക്കൽ കൊണ്ടുവരികയും അവനെ **തടവിലാക്കുകയും** ചെയ്തു. ജോസെഫസ് പറഞ്ഞതനുസരിച്ച്, ചാവുകടലിനു കിഴക്കുള്ള ഒരു കോട്ടയായിരുന്ന മക്കെയരസിൽ[9] വെച്ചായിരുന്നു യോഹന്നാന്റെ അവതാരം (11:2 ന്റെ പരാമർശം നോക്കുക).

ഹെരോദാവിന്റെ അവിശുദ്ധ വിവാഹത്തെ ചോദ്യം ചെയ്തതുകൊണ്ടായിരുന്നു പ്രവാചകനെ അവൻ തടവിലാക്കിയത്. അവൻ ആദ്യം വിവാഹം ചെയ്തിരുന്നത് അരേതാസ് IV ന്റെ മകൾ നബതിയെയായിരുന്നു (2 കൊ. 11:32 നോക്കുക). ആ ബന്ധം ഒരുപക്ഷെ രാഷ്ട്രീയമായിരുന്നേക്കാം, അത് പതിനഞ്ചു വർഷം നീണ്ടു നിന്നു. പിന്നെ **അവൻ തന്റെ സഹോദരന്റെ ഭാര്യയായ ഹെരോദ്യയെ സ്നേഹിച്ചു.**

ഹെരോദാവ് ഫിലിപ്പൊസ് I[10] സ്പഷ്ടമായും, പാലസ്തീന്റെ തീരപ്രദേശങ്ങളിലൊന്നിലാണ് താമസിച്ചിരുന്നത്. റോമയിലേക്കുള്ള യാത്രയിൽ, ഹെരോദാവ് അന്തിപ്പാസ് ഫിലിപ്പൊസിനോടും ഹെരോദ്യയോടും കൂടെ താമസിച്ചു. ഫിലിപ്പൊസിനെ വിട്ടുവരികയാണെങ്കിൽ താൻ ഹെരോദ്യയെ മടങ്ങിവരുമ്പോൾ വിവാഹം ചെയ്യാമെന്ന് പറയുകയും, തിരിച്ചുവന്നപ്പോൾ ഹെരോദാവ് തന്റെ ആദ്യഭാര്യയെ ഉപേക്ഷിക്കുകയാണെങ്കിൽ വിവാഹത്തിനു തയ്യാറാണെന്നു പറയുകയും അങ്ങനെ വിവാഹിതരാകുകയും ചെയ്തു.[11]

ആ അപകീർത്തിപരമായ സംഭവങ്ങൾ മോശെയുടെ ന്യായപ്രമാണത്തിനും റോമാ നിയമത്തിനും എതിരായിരുന്നു. റോമാ നിയമപ്രകാരം സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ വിട്ടുപോകുകയോ ഉപേക്ഷിക്കുകയോ ചെയ്യരുതായിരുന്നു (റോമർ. 7:2, 3). യെഹൂദന്മാർക്കിടയിൽ, ഉപേക്ഷണം പുരുഷന്റെ പ്രത്യേക അവകാശമായിരുന്നു.[12] എങ്ങനെയായാലും, കുലീനാധിപത്യത്തിലുള്ള ചില സ്ത്രീകൾ ഇതു സ്വീകരിക്കുകയും റോമൻ സമൂഹത്തിൽ സാധാരണയാവുകയും ചെയ്തിരുന്നു. അതിനു പുറമെ, ഹെരോദാവ് ഹെരോദ്യയുമായുള്ള ബന്ധമനുസരിച്ച് നിഷിദ്ധസംഗമമായിരുന്നു, കാരണം മോശെയുടെ ന്യായപ്രമാണം അതിനെ വിലക്കിയിരുന്നു. സഹോദരൻ മരിക്കയും അവനു ആൺമക്കളില്ലാതിരിക്കുകയും ചെയ്താൽ മാത്രമെ വിവാഹം അനുവദിക്കുന്നുള്ളു (ലേവ്യ. 18:16; 20:21; ആവ. 25:5–10; മത്താ. 22:24 നോക്കുക). അക്കാരണങ്ങളാൽ ജോസെഫസ് എഴുതി, "ഹെരോദ്യ ചെയ്തതു നമ്മുടെ രാജ്യത്തിന്റെ നിയമത്തെ കുഴപ്പിക്കുന്ന പ്രവൃത്തിയാണ്, തന്റെ ഭർത്താവ് ജീവനോടെയിരിക്കുമ്പോൾ, ഹെരോദാവ് [അന്തിപ്പാസിനെ] വിവാഹം ചെയ്യുന്നത് അപ്പന്റെ വഴിയിൽ സഹോദരനെ ആയിരുന്നു."[13]

ആ വ്യഭിചാരപരമായ നിഷിദ്ധസംഗമം തെറ്റാണെന്നു യോഹന്നാൻ സ്നാപകൻ ഹെരോദാവിന്റെ മുഖത്തു നോക്കി പറഞ്ഞു. **"നീ അവളെ വെച്ചുകൊണ്ടിരിക്കുന്നത് വിഹിതമല്ല"** എന്നു പ്രവാചകൻ ആവർത്തിച്ച് പറഞ്ഞിരുന്നു. പഴയ നിയമത്തിലെ ആഹാബിന്റേയും ഈസെബേലിന്റേയും പാപത്തെ ധൈര്യത്തോടെ നേരിട്ട ഏലിയാവിനെയാണ് നാം യോഹന്നാന്റെ ധൈര്യം കാണുമ്പോൾ ഓർക്കുന്നത് (1 രാജാ. 21:19–24). ഇന്നു പാശ്ചാത്യ സമൂഹത്തിൽ നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം അന്ന് പൗരസ്ത്യ പൗരന്മാർക്കുണ്ടായിരുന്നില്ല. ആ ദമ്പതികളുടെ അവിഹിത ജീവിതത്തെ തുറന്നു ശാസിച്ച യോഹന്നാൻ സ്നാപകൻ ആദ്യം തടവിലാകുകയും പിന്നീട് കൊല്ലപ്പെട്ടു

കയും ചെയ്തു. ഈ സംഭവങ്ങൾ പലതും വിശദമാക്കുമ്പോൾ, മർക്കൊസ് അവയുടെ മുഴുവൻ വിശദീകരണങ്ങളും നൽകുന്നു (മർ. 6:17-29).

**വാക്യം 5**. യോഹന്നാനെ കൊല്ലുവാൻ ഹെരോദാവ് ആഗ്രഹിച്ചിരുന്നതായി മത്തായി പറയുന്നു: **യോഹന്നാനെ കൊല്ലുവാൻ ഹെരോദാവ് ആഗ്രഹിച്ചിരുന്നുവെങ്കിലും, പുരുഷാരത്തെ ഭയന്നു,** കാരണം ജനം ഒക്കെയും അവനെ പ്രവാചകൻ എന്നു കണക്കാക്കിയിരുന്നു. സന്ദേശത്തെ ഇല്ലാതാക്കുവാൻ സന്ദേശവാഹകനെ ഇല്ലാതാക്കുവാനായിരുന്നു അവന്റെ ശ്രമം. എങ്ങനെയായാലും ഭൂരിഭാഗം പേരും യോഹന്നാനെ പ്രവാചകൻ എന്നു കണക്കാക്കിയിരുന്നതിനാൽ, അന്യായമായ ഒരു കുലപാതകം നടത്തി ജനങ്ങളുടെ അപ്രീതി സമ്പാദിക്കേണ്ട എന്നു കരുതി (3:5, 6; 11:7-15; 21:26).

മർക്കൊസിൽ, ഹെരോദ്യയുടെ ആഗ്രഹം യോഹന്നാനെ മരണത്തിന് ഏൽപിച്ചുകൊടുക്കുന്നതിനായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. തന്റെ പുനർവിവാഹത്തെ കുറിച്ച് യോഹന്നാൻ നടത്തിയ പ്രസ്താവന ഹെരോദ്യ കേട്ടപ്പോൾ അവൾക്ക് കോപം ജ്വലിച്ചു അവനെ കൊല്ലുവാൻ ആഗ്രഹിച്ചു (മർ. 6:19). ആ സമയത്ത് യോഹന്നാനുണ്ടായിരുന്ന ജനപിന്തുണയെ ഹെരോദാവ് ആദ്യം ഭയപ്പെട്ടില്ലായിരുന്നുവെങ്കിൽ അവൾ യോഹന്നാനെ ഉടനെ തന്നെ കൊല്ലിക്കുമായിരുന്നു (മർ. 6:20). ആദ്യം ഹെരോദാവ് ഹെരോദ്യയെ വഴി തെറ്റിക്കുകയും, പിന്നീട് അവൾ അവനെ ദുരുപയോഗിക്കുകയും ചെയ്തു.

ഈ രണ്ടു സുവിശേഷങ്ങൾ തമ്മിൽ വൈപരീത്യമൊന്നുമില്ല; അവ മനുഷ്യ ബന്ധങ്ങളേയും ഉദ്ദേശങ്ങളേയും വെളിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. തീർച്ചയായും ഹെരോദാവിനു യോഹന്നാനെ സംബന്ധിച്ച് മിശ്രവികാരമായിരുന്നു ഉണ്ടായിരുന്നത്. ഒരു ഭാഗം പ്രവാചകനെ നിശബ്ദനാക്കണമെന്നായിരുന്നു എങ്കിൽ, മറ്റൊരു ഭാഗം അവന്റെ ഉപദേശം അവനെ ആകർഷിക്കുന്നതായിരുന്നു (മർ. 6:20). അനന്തരഫലം എന്തായാലും സത്യം സംസാരിക്കുവാനുള്ള അവന്റെ ധൈര്യം നിമിത്തമാണ് ഹെരോദാവിന് യോഹന്നാനോട് മതിപ്പുളവായത് എന്നാണ് വില്യം ഹെൻഡ്രിക്സൺ വിചാരിച്ചത്. കോടതിയിൽ ഭരണാധികാരി കണ്ടിട്ടുള്ള മുഖസ്തുതിയിൽനിന്നു വ്യത്യസ്തമായിരുന്നു ആ ധൈര്യം.[14] പ്രവൃത്തികളുടെ പുസ്തകത്തിൽ ഒരു സമാനത കാണാം, അവിടെ നാടുവാഴിയായിരുന്ന ഫേലിക്സ് അപ്പൊസ്തലന്റെ പ്രസംഗം കേട്ട് ഭയപ്പെട്ടു എങ്കിലും, സമയം കിട്ടുമ്പോൾ പൗലൊസിന്റെ പ്രസംഗം കേൾക്കുവാൻ ആഗ്രിഹിച്ചു (പ്രവൃ. 24:24-26).

**വാക്യം 6**. യോഹന്നാനെ കൊല്ലിക്കുവാൻ ഹെരോദ്യക്ക് അവസരം ലഭിച്ചത് **ഹെരോദാവിന്റെ പിറന്നാളിലാണ്**, അത് യെഹൂദന്മാർ ആഘോഷിച്ചിരുന്നില്ല,[15] പക്ഷെ ഹെരോദാവ്മാർ എല്ലായിടത്തും ഇത്തരം ആഘോഷം നടത്തുക പതിവായിരുന്നു.[16] മർക്കൊസ് പറഞ്ഞതനുസരിച്ച്, "ഗലീലയിലെ പ്രമാണിമാർക്കും, സൈന്യാധിപന്മാർക്കും, പ്രഭുക്കന്മാർക്കും" ഹെരോദാവ് ഒരു വിരുന്ന് ഒരുക്കിയിരുന്നു (മർ. 6:21). യോഹന്നാന്റെ തടവും മരണശിക്ഷയും (ജോസെഫസ് പറഞ്ഞതുപോലെ) മക്കൈയെരസിൽ വെച്ചായിരുന്നുവെങ്കിൽ, ഹെരോദാവിന്റെ അതിഥികളിൽ പലരും ഈ സംഭവത്തിൽ പങ്കെടുക്കുവാൻ ഗലീലയിൽനിന്നു പെറിയ വരെ യാത്ര ചെയ്യേണ്ടിയിരുന്നു. ഭൂഗർഭഗവേഷകന്മാർ മക്കൈയെരസിൽനിന്നു കണ്ടെടുത്ത സ്തംഭശ്രേണികൾ തെളിയിക്കുന്നത്, രാജധാനിയുടെ കോട്ടകളിൽ വലിയ വിരുന്ന് നടത്തിയിരുന്നു എന്നാണ്.[17]

എല്ലാ നിലയിലും അന്യദേവനെ നമസ്ക്കരിക്കുന്ന വിരുന്നായിരുന്നു ഹെരോദാവിന്റേത്. വീഞ്ഞ് സമൃദ്ധമായി ഒഴുകിയിരുന്നു. വികാരഭരിതമാക്കുന്ന വസ്ത്ര-മണിഞ്ഞ നർത്തകിമാരുടെ നൃത്തവുമുണ്ടാകും. അത്തരം ഒരു ആഭാസകരമായ നൃത്തമായിരുന്നു **ഹെരോദ്യയുടെ മകളുടേത്**.[18] മദ്യപാനികളുടെ മുമ്പിൽ അത്തരം അധാർമ്മിക നൃത്തത്തിൽനിന്നു ഒരു പെൺകുട്ടിക്ക് ഒഴിഞ്ഞുമാറുവാൻ കഴിയുമായിരുന്നില്ല (എസ്. 1:10-12). എന്നിരുന്നാലും, ഹെരോദ്യക്ക് തന്റെ മകളെ അത്തരം ആഭാസനൃത്തത്തിന് അയക്കുവാൻ മടിയില്ലായിരുന്നു, കാരണം അവളുടെ ഉള്ളിലെ പ്രതികാരദാഹമായിരുന്നു അതിനു പ്രേരിപ്പിച്ചത്.

ഹെരോദ്യയുടെ മകളുടെ പേർ ബൈബിളിൽ വെളിപ്പെടുത്തിയിട്ടില്ല. അവളുടെ പേർ "ശലോമി" എന്നാണ് ജോസെഫസ് പറയുന്നത്. പെൺകുട്ടിയുടെ അപ്പന്റെ പേർ ഫിലിപ്പൊസ് I ആയിരുന്നു, അയാളെ അവൾ ഉപേക്ഷിച്ചിരുന്നു.[19] ഈ സംഭവം നടക്കുമ്പോൾ, അവൾ കൗമാര പ്രായത്തിലായിരുന്നേക്കാം.[20] വാക്യം 11-ൽ അവളെ "ബാല" (*കോരസിയോൻ*) എന്നാണ് പറഞ്ഞിരിക്കുന്നത്. പന്ത്രണ്ട് വയസായിരുന്ന യായിറോസിന്റെ മകളേയും അങ്ങനെയാണ് വിളിച്ചിരുന്നത് (9:24, 25; മർക്കൊ 5:42). ശലോമി അവളുടെ അമ്മയുടെ കൗശലത്തിൽ പെടുകയായിരുന്നു. അവൾ നിഷ്ക്കളങ്കയായിരുന്നു എന്നും കരുതരുത്. അവൾ, അപ്പോൾ അവിടത്തെ ആചാരമനുസരിച്ച് ഏതാണ്ട് വിവാഹത്തോടടുത്ത പ്രായമായിരുന്നു.[21] ആ ആഘോഷം കഴിഞ്ഞ് അധിക വർഷം കഴിയുന്നതിനു മുമ്പ്, അവളുടെ അമ്മാവനായിരുന്ന ഫിലിപ്പൊസ് II (ഇടപ്രഭു) നെ വിവാഹം കഴിച്ചു. ഏ. ഡി. 34-ൽ അയാൾ മരിച്ചപ്പോൾ, മുറക്ക് അവളുടെ സഹോദരനായിരുന്ന അരിസ്തോബുലസിനെ വിവാഹം കഴിച്ചു.[22]

**വാക്യം 7**. ശലോമിയുടെ നൃത്തം ഹെരോദാവിന്റെ മനസിനെ ജ്വലിപ്പിക്കുകയും, **അവൾ എന്തു ചോദിച്ചാലും അതു നൽകാമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു**. പ്രത്യേകമായി, "[തന്റെ] രാജ്യത്തിന്റെ പകുതി വേണമെങ്കിലും" ചോദിക്കാമെന്ന് ഹെരോദാവ് വാഗ്ദാനം ചെയ്തിരുന്നു (മർക്കൊ. 6:23). രണ്ട് അടിസ്ഥാനത്തിന്മേൽ, മർക്കൊസിലെ ഈ പ്രയോഗം അക്ഷരികമായിട്ടല്ല, ആലങ്കാരികമായിട്ടാണ് എടുക്കേണ്ടത്. ഒന്ന്, ഹെരോദാവ് റോമിനാൽ നിയമിതനായ ഭരണാധികാരിയായതുകൊണ്ട് രാജ്യം മറ്റൊരാൾക്ക് കൈമാറുവാനുള്ള അധികാരം അവനില്ലായിരുന്നു. രണ്ട്, ആ പറച്ചൽ പഴഞ്ചൊല്ല് പോലെയായിരുന്നു. അനേക വർഷങ്ങൾക്ക് മുൻപ് പേർഷ്യൻ രാജാവായിരുന്ന അഹശ്വേരേശ് (സെർസസ്) ഇതേപോലെ ഒരു വാഗ്ദാനം എസ്ഥേറിനു നൽകിയിരുന്നു (എസ്. 5:3; 7:2). അതുപോലെ ഹെരോദാവ് ശലോമിക്ക് ഉദാരമായ സമ്മാനമായിരുന്നു വാഗ്ദാനം ചെയ്തത്. വാക്യം 7 ലെ "സത്യം" എന്നത് ഏക വചനത്തിലാണ്, എന്നാൽ വാക്യം 9-ൽ അത് ബഹുവചനത്തിലുമാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഹെരോദാവ് ആ പെൺകുട്ടിക്ക് തന്റെ വാഗ്ദാനം ഒന്നിലധികം പ്രാവശ്യം നൽകുകയുണ്ടായി (മർക്കൊ. 6:22, 23).

**വാക്യം 8**. ആ സമയത്ത്, ശലോമി വിരുന്നുശാല വിട്ട് അമ്മയോട് ചോദിക്കുവാനായി പോയി (മർക്കൊ. 6:24). ഒരുപക്ഷെ ഹെരോദ്യ മറ്റു സ്ത്രീകൾക്കൊപ്പം അടുത്തു തന്നെ ആഹാരം കഴിച്ചുകൊണ്ടിരുന്നിരിക്കാം. നൃത്തത്തിന് അവൾ തന്റെ മകളെ പ്രചോദിപ്പിച്ചിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. തന്റെ ഭർത്താവ് അവളുടെ നൃത്തത്തിൽ സംപ്രീതനായി എന്തെങ്കിലും വാഗ്ദാനം ചെയ്യുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നേക്കാം. ഹെരോദാവ്

ശലോമിക്ക് ഇഷ്ടമുള്ളത് ചോദിക്കുവാൻ പറഞ്ഞപ്പോൾ, അവൾ ചെന്ന് തന്റെ അമ്മയോട് ചോദിച്ചു. അമ്മയോട് ചോദിച്ചിട്ട് ശലോമി പെട്ടെന്ന് തന്റെ രണ്ടാനച്ഛന്റെ അടുക്കൽ മടങ്ങിയെത്തി (മർ. 6:25).

**അവളുടെ അമ്മ പറഞ്ഞതനുസരിച്ച്, അവൾ പറഞ്ഞു, "യോഹന്നാന്റെ ശിരസ് ഒരു താലത്തിൽ തരേണമേ.**" വാസ്തവത്തിൽ, അവളുടെ ക്രൂരമായ ആവശ്യം യോഹന്നാന്റെ തല ഒരു മുഖ്യ വിഭവം എന്നപോലെ താലത്തിൽ കൊണ്ടുവരിക എന്നതായിരുന്നു. "താലം" (*പിനാക്സ്*) ഇറച്ചി വിളമ്പുന്നതിന് ഉപയോഗിച്ചിരുന്ന വലിയ പരന്ന പാത്രമായിരുന്നു. *പിനാക്സ്* എന്ന ഗ്രീക്ക് വാക്ക് ആരംഭത്തിൽ ബോർഡ് എന്നായിരുന്നു അർത്ഥം, എന്നാൽ പിന്നീട് മരംകൊണ്ടുള്ള പാത്രം എന്നായി.[23] ഹെരോദാവ് സത്യം ചെയ്തതും ശലോമിയുടെ ആവശ്യവും തമ്മിലുള്ള സമാനത ജോൺ ലൈറ്റ്ഫുട്ട് ഇങ്ങനെ പറഞ്ഞു:

> ആ സത്യം "തലയാലായിരുന്നു" എങ്കിൽ, അതായിരുന്നു സാധാരണ സംഭവിക്കുന്നത്, പെൺകുട്ടിയുടെ ആവശ്യം അന്യായമായിരുന്നു എങ്കിലും, അതിനു യോജിക്കുന്നതായിരുന്നു. രാജാവിന്റെ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു; അവൾ ഇങ്ങനെ പറയുന്നതുപോലെ തോന്നുന്നു, "ഞാൻ എന്തു ചോദിച്ചാലും തരാം എന്ന് നീ നിന്റെ തലയാലാണ് വാഗ്ദാനം ചെയ്തത്; അപ്പോൾ, പിന്നെ, യോഹന്നാൻ [സ്] നാപകന്റെ തല എനിക്ക് തരേണം."[24]

സൂത്രശാലിയായ അവളുടെ അമ്മയുടെ സഹകരണത്തോടെ, ശലോമി ഹെരോദാവിൽനിന്ന് ഉദാരമായ ഒരു സമ്മാനത്തിനുള്ള അവസരം ഉപയോഗിച്ചു.

**വാക്യം 9**. ഹെരോദാവ് അതു കേട്ടപ്പോൾ, അങ്ങനെ ഒരു സത്യം ചെയ്തതിൽ അവൻ **ദുഃഖിച്ചു**. ഹെരോദാവിന്റെ **സത്യം** മാത്രമായിരുന്നു പ്രശ്നമെങ്കിൽ, അവന് അതു മാറ്റി മറ്റെന്തെങ്കിലും ചോദിക്കുവാൻ ആവശ്യപ്പെടാമായിരുന്നു. എങ്ങനെയായാലും, അവൾ നിരപരാധിയായ മനുഷ്യന്റെ മരണത്തെയാണ് ആവശ്യപ്പെട്ടത്. വലിയ ദോഷം സംഭവിക്കാത്ത രീതിയിൽ സത്യത്തിൽനിന്നു മോചിതരാകുവാനുള്ള വഴി യെഹൂദ റബ്ബിമാർ കണ്ടുപിടിച്ചിരുന്നു. അതു നിരപരാധിയായ ഒരു മനുഷ്യനെ വെറുതെ വിടുന്നതായതുകൊണ്ട് ആ സത്യത്തിൽനിന്നു പിന്മാറിയാലും അധികം പേരും വിമർശിക്കുവാനിടയില്ല (1 ശമു. 25:22, 34).[25]

എന്നിരുന്നാലും, ഹെരോദാവ് തന്റെ വാഗ്ദാനത്തിൽനിന്നു മാറിയാൽ, പിന്നെ അവനെ ആരും വിശ്വസിക്കുകയില്ല, അവനു ആരിൽനിന്നെല്ലാം പിന്തുണ ആവശ്യമായിരുന്നുവോ, അവരിൽനിന്ന് അതു ലഭിക്കുകയുമില്ല. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, ആ **വിരുന്നിനുവന്നിരുന്ന അതിഥികളിൽ**, "ഗലീലയിലെ പ്രമാണിമാരും, സൈന്യാധിപന്മാരും, പ്രഭുക്കന്മാരും ഉണ്ടായിരുന്നു" (മർ. 6:21). ഗ്രീക്ക് ക്രിയാബന്ധം തർജിമ ചെയ്തിരിക്കുന്നത് "വിരുന്നുകാർ" എന്നത് "[തന്നോടുകൂടെ] പന്തിക്കിരിക്കുന്നവർ" എന്നും തർജിമ ചെയ്യാം. *സുനാനാകേയിമായി* എന്ന വാക്കിൽനിന്നു രൂപപ്പെട്ടതാണ് അത്.

ഈ വാക്യത്തിൽ, ചിലപ്പോൾ ഹെരോദാവ് അന്തിപ്പാസിലേക്ക് ശ്രദ്ധക്ഷണിക്കുവാനായിരിക്കാം **രാജാവ്** എന്നു പറഞ്ഞിരിക്കുന്നത്. സാങ്കേതിക

മായി ഹെരോദാവ് "രാജാവ്" ആയിരുന്നില്ല. ഈ അദ്ധ്യായത്തിൽ മുൻപ്, അവനെ ചുരുക്കത്തിൽ "ഇടപ്രഭു" എന്നാണ് പറഞ്ഞിരിക്കുന്നത് (14:1 ന്റെ പരാമർശം നോക്കുക). എങ്ങനെയായാലും, മത്തായി "രാജാവ്" എന്നു പറഞ്ഞിരിക്കുന്നത് പൊതുവിൽ പ്രയോഗത്തിലിരുന്ന വാക്ക് ആയിരുന്നു. അവൻ അതു തെറ്റായി ഉപയോഗിച്ചു എന്നു ധരിക്കരുത്.

താൽപര്യമെന്നു പറയട്ടെ, "രാജാവ്" എന്ന പേർ എടുത്തു പറഞ്ഞ് ഹെരോദാവിന്റെയും ഹെരോദ്യയുടേയും വീഴ്ച്ചയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. അരിസ്തോബുലോസിന്റെ മകനും, ഹെരോദ്യയുടെ അർദ്ധ-സഹോദരനുമായിരുന്ന അഗ്രിപ്പാവ് I ഫിലിപ്പൊസിന്റെ പ്രദേശത്തിന് രാജാവായി നിയമിച്ചപ്പോൾ, അവൾക്ക് അസുയയും കോപവുമുണ്ടായി. തന്റെ ഭർത്താവിനെ തന്നോടുകൂടെ യാത്ര ചെയ്യുവാൻ പറഞ്ഞ് ഏ. ഡി. 39-ൽ കലിഗുള ചക്രവർത്തിയെ സ്വാധീനിച്ച് ഹെരോദാവിന് രാജാവ് എന്ന സ്ഥാനം ആവശ്യപ്പെടുവാൻ ശ്രമിച്ചു. ആ സമയത്ത്, കലിഗുളയുടെ പഴയ സ്നേഹിതനായിരുന്ന അഗ്രിപ്പാവ് ഹെരോദാവ് പർത്ഥ്യരുമായി സഖ്യമുണ്ടാക്കിയ വിവരം ചക്രവർത്തിയെ ധരിപ്പിച്ചിരുന്നു. കലിഗുള അവന്റെ വാക്ക് കേട്ട് ഹെരോദാവിനെ നാടുകടത്തി. ഹെരോദ്യ ഭർത്താവിനോടുകൂടെ പോയി. ജോസെഫസ് പറയുന്നത് ആ ദമ്പതികൾ ഗൗൾ, സ്പെയിൻ എന്നീ രണ്ടു വ്യത്യസ്ത സ്ഥലങ്ങളിലേക്കാണ് നാടുകടത്തപ്പെട്ടത് എന്നാണ്. വിരോധാഭാസമെന്നു പറയട്ടെ, ഹെരോദാവിന്റെ പ്രദേശവും സ്വത്തും അഗ്രിപ്പാവിനു നൽകുകയും ചെയ്തു.[26]

**വാക്യം 10.** വൈമനസ്യത്തോടെ, ഹെരോദാവ് **തടവിലേക്ക് ആളയച്ച്, തടവിലായിരുന്ന യോഹന്നാന്റെ ശിരസ് ഛേദിച്ച്** ഒരു താലത്തിൽ കൊണ്ടുവരുവാൻ കൽപന കൊടുത്തു (മർ. 6:27). ഹെരോദാവ് റോമിന്റെ അധികാരിയായി നിയമിതനായതിനാൽ, മരണശിക്ഷ നടപ്പാക്കുവാനുള്ള അവകാശം അവനുണ്ടായിരുന്നു. എങ്ങനെയായാലും, വിചാരണ കൂടാതെ ഒരാളെ മരണശിക്ഷക്കു വിധിക്കുന്നത് യെഹൂദ നിയമത്തിനെതിരായിരുന്നു. ശിരസ് ഛേദിച്ചുകൊണ്ടുള്ള മരണശിക്ഷയും യെഹൂദനിയമത്തിന് എതിരായിരുന്നു, അതു ലജ്ജാകരമായ മരണമായിട്ടാണ് കരുതിയിരുന്നത്.[27]

തന്റെ മലപ്രസംഗത്തിൽ, യേശു പറഞ്ഞ നിരവധി പാപങ്ങളിൽ ഒന്നായിരുന്നു യോഹന്നാൻ സ്നാപകന്റെ മരണത്തെ കുറിച്ചുള്ള പ്രസ്താവന: മോഹം/വ്യഭിചാരം, ഉപേക്ഷണം, ആണയിടൽ, കോപം/കുല (5:21-37). ചരിത്രത്തിലെ തന്നെ മനുഷ്യത്വഹീനമായ ഒരു പ്രവൃത്തിയായിരുന്നു അത്.

**വാക്യം 11.** ഹെരോദാവിന്റെ കൽപന നടപ്പാക്കിയ പടയാളികൾ യോഹന്നാൻ സ്നാപകന്റെ **ശിരസ്** ഒരു **താലത്തിൽ** കൊണ്ടുവന്നു കൊടുത്തു. **പെൺകുട്ടി** ഉടനെ തന്നെ ആ സമ്മാനം **അമ്മക്ക്** കൊണ്ടു പോയി കൊടുത്തു. ഹെരോദ്യയുടെ പ്രതികരണത്തെ കുറിച്ച് തിരുവെഴുത്ത് ഒന്നും പറയുന്നില്ലെങ്കിലും ആ സമ്മാനം ലഭിച്ചപ്പോൾ അവൾ സന്തോഷിച്ചിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഗ്രീക്ക്-റോമാ ലോകത്ത് ശത്രുവിന്റെ തല ലഭിക്കുമ്പോൾ സന്തോഷിക്കുക എന്നത് അസാധാരണമായിരുന്നില്ല.[28]

**വാക്യം 12.** യോഹന്നാന്റെ **ശിഷ്യന്മാർ** ഇത് അറിഞ്ഞ്, **അവന്റെ ശരീരം എടുത്ത് ശരിയായി അടക്കം** ചെയ്യുവാൻ പരിശ്രമിച്ചു (9:14; 11:2 നോക്കുക). വളരെ ദുഃഖത്തോടെ അവർ അവന്റെ ശരീരം ഒരു കല്ലറയിൽ അടക്കം ചെയ്തു (മർ. 6:29). യെഹൂദന്മാർക്കിടയിൽ ആദരവോടുകൂടിയുള്ള ഒരു

അടക്കം നൽകുക എന്നത് പ്രധാനപ്പെട്ട സ്നേഹത്തിന്റെ പ്രകടനമായിരുന്നു (യോഹ. 19:38–42; പ്രവൃ. 8:2).

"ശരീരം" എന്നതിന്റെ ഗ്രീക്ക് വാക്ക് സാധാരണ *സോമ* എന്നല്ല, മറിച്ച് *പ്റ്റോമ* എന്നാണ്. അതിനർത്ഥം "വീണതായ" എന്നാണ്. പുതിയ നിയമത്തിൽ അത് പ്രത്യേകമായി സൂചിപ്പിക്കുന്നത്, "മൃതശരീരം" എന്നാണ്, പ്രത്യേകിച്ച് "ക്രൂരമായി കൊന്ന ശരീരം" (14:12; 24:28; മർ. 6:29; 15:45; വെളി. 11:8, 9).[29]

യോഹന്നാൻസ്നാപകന്റെ തലയില്ലാത്ത ശരീരം അടക്കം ചെയ്തശേഷം യോഹന്നാന്റെ ശിഷ്യന്മാർ വിവരം **പോയി യേശുവിനെ ധരിപ്പിച്ചു**. ജെ. ഡബ്ലിയു. മെക്ഗാർവേ പറഞ്ഞത് യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ മരണം മാത്രമല്ല യേശുവിനെ അറിയിച്ചത്, അവർക്ക് യേശുവിനോടുള്ള സഖ്യതയെയും അറിയിച്ചു എന്നാണ്. യേശു ഒരു രാജ്യം സ്ഥാപിക്കുമെന്നും അതിനുശേഷം ഹെരോദാവിന്റെ ഭരണത്തെ മറിച്ചിടുമെന്നും ഒരുപക്ഷെ അവർ വിശ്വസിച്ചിരിക്കാം.[30] ഈ പുനർനിർമ്മാണം ദേശീയ തലത്തിൽ ജനത്തിന്റെ വികാരത്തെ ഉണർത്തുന്ന വിധത്തിലായിരുന്നു യേശു അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സന്ദർഭം (യോഹ. 6:15 നോക്കുക). ഇത്തരത്തിൽ യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നത് സൂചിപ്പിക്കുന്നത് യേശു പറഞ്ഞയച്ച ഉത്തരത്തിൽ അവൻ തൃപ്തനായിരുന്നു എന്നാണ് (11:1–6). യോഹന്നാന്റെ മരണശേഷവും, ആളുകളെ യേശുവിലേക്ക് നയിക്കുക എന്ന തന്റെ ദൗത്യം യോഹന്നാൻ പൂർത്തിയാക്കി.

## പാഠങ്ങൾ

### ഹെരോദാവിന്റെ വിവാഹം (14:3, 4)

ഹെരോദാവിന്റെ വിവാഹം വ്യക്തമായി, ന്യായപ്രമാണത്തിൽ വിലക്കിയിരുന്ന നിഷിദ്ധസംഗമമായിരുന്നു (ലേവ്യ. 18:6–18; 20:21). യോഹന്നാൻ ഖണ്ഡിച്ചതിൽ തീർച്ചായും അതും ഉൾപ്പെട്ടിരിക്കും, എന്നാൽ അതിൽ വ്യഭിചാരവും ഉൾപ്പെടുന്നു. ഹെരോദാവ് വിവാഹം കഴിച്ചത് തന്റെ സഹോദരന്റെ ഭാര്യയെയാണ്. അതു വ്യഭിചാരമാണ്, കാരണം ദൈവം പഴയനിയമത്തിലും പുതിയ നിയമത്തിലും അതു വിലക്കിയിരിക്കുന്നതാണ് (പുറ. 20:14; മത്താ. 19:1–10).

മറ്റൊരു നിഷിദ്ധ സംഗമത്തിൽ (1 കൊ. 5:1–13), പൗലൊസ് പറഞ്ഞത്, കൊരിന്തിലുള്ള ഒരാൾ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നത് "ദുർന്നടപ്പാണ്" എന്നത്രെ (കെജെവി) അല്ലെങ്കിൽ "ലൈംഗിക അധാർമ്മികത്വം" (എൻഐവി). "ദുർന്നടപ്പ്" എന്ന വിസതൃതമായ അർത്ഥമുള്ള വാക്കിൽ വ്യഭിചാരവും ഉൾപ്പെടുന്നു.

വിവാഹിതയായ സ്ത്രീ തന്റെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ വേറെ പുരുഷന്ന് ആയാൽ അവൾ "വ്യഭിചാരിണിയാകുന്നു" എന്നാണ് പൗലൊസ് റോമർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞത് (റോമർ. 7:2, 3). ആ പ്രസ്താവന സ്വയം-വിശദീകരിക്കുന്നതാണ്. ഒരു പങ്കാളി സ്ത്രീ ആയാലും പുരുഷനായാലും തന്റെ പങ്കാളി ജീവിച്ചിരിക്കുമ്പോൾ, മറ്റൊരാളെ പങ്കാളിയായി സ്വീകരിച്ചാൽ, അയാൾ വ്യഭിചാരകുറ്റമുള്ള വ്യക്തിയാകും. തിരുവചന കാരണത്താലല്ലാതെ പങ്കാളിയെ ഉപേക്ഷിച്ച് പുനർവിവാഹം നടത്തുന്നവരുടെ കാര്യവും അതുപോലെയാണ് (19:9).

**ശലോമിയുടെ നൃത്തവും നൃത്തം ചെയ്യലും (14:6)**

ശലോമിയുടെ നൃത്തത്തെ കുറിച്ച് വിശദവിവരം നൽകുന്നില്ലെങ്കിലും, അത് ലൈംഗിക ഉത്തേജനം ജനിപ്പിക്കുന്നതായിരുന്നു എന്നു അനുമാനിക്കാം. വർഷങ്ങളായി മിക്ക സഭകളിലും വിലക്കിയിരിക്കുകയാണ്. മൂന്നു വാക്കുകളാൽ ഗലാത്യർ 5:19–21-ൽ നൃത്തം വിലക്കിയിരിക്കുകയാണ്. തർജിമ ചെയ്തിരിക്കുന്ന ഒരു വാക്ക് "ഭോഗേഛ" (*അസെൽജെയിയാ*) അർത്ഥം, "വിഷയാസക്തി, ഭോഗാസക്തി, ദുർന്നടപ്പ്, കാമാസക്തി, മര്യാദയില്ലാത്ത ശാരീരിക ചലനം, പാതിവ്രത്യമില്ലാത്ത സ്ത്രീ പുരുഷ ബന്ധം" എന്നിവയാണ്. അവസാനത്തെ രണ്ടു വാക്കുകൾ ഇന്നത്തെ മിക്കവാറും എല്ലാ നൃത്തത്തെയും വിലക്കുന്നവയാണ് കാരണം അത് ഒന്നുകിൽ നിന്ദ്യമായത് അല്ലെങ്കിൽ "അശുദ്ധമാണ്." അത് "അധാർമ്മികതത്വത്തെയാണ്" സൂചിപ്പിക്കുന്നത്. ശുദ്ധമല്ലാത്ത ഉദ്ദേശത്തോടെ ചെയ്യുന്നതാണ് അത്തരം പ്രവൃത്തി.[31] "മദോന്മത്തമായ" എന്ന വാക്ക് (*കോസ്മോസ്*) അർത്ഥമാക്കുന്നത് "പാട്ടും, നൃത്തവും, വിരുന്നും അവ അധഃപതിപ്പിക്കുന്നതും, അവസാനം മദ്യത്തിലും ദുഃസ്വാതന്ത്ര്യത്തിലും എത്തും."[32]

മൂന്നു വസ്തുതകളാൽ നൃത്തത്തിന്റെ ധാർമ്മികതയെ വിലയിരുത്താം. ഒന്ന്, ആ നൃത്തം ലൈംഗിക ഉത്തേജനം ഉണർത്തുന്നതാണോ? രണ്ട്, ആ നൃത്തത്തിൽ മാന്യമല്ലാത്ത വസ്ത്രധാരണം ഉണ്ടോ? (1 തിമൊ. 2:9 നോക്കുക). മൂന്ന്, അധാർമ്മിക സാഹചര്യത്തിലാണോ നൃത്തം ചെയ്യുന്നത്? (റോമ. 13:12, 13).

നൃത്തത്തിനു പോകുന്നതിനു മുൻപ് ഒരു ക്രിസ്ത്യാനി പല ചോദ്യങ്ങളും പരിഗണിക്കേണ്ടതാണ്: "ആ നൃത്തത്തിന് എന്നിൽ എന്തു പ്രതിഫലനമാണുണ്ടാക്കുക?"; "ഇത്തരം നൃത്തം മറ്റുള്ളവരിൽ എന്തു ഫലമാണ് പുറപ്പെടുവിക്കുക?"; "ഇത്തരം നൃത്തത്തിൽ ഞാൻ പങ്കെടുത്താൽ, അത് എന്റെ ബഹുമതിയെയും ക്രിസ്തുവിന്റെ സഭയുടെ ബഹുമതിയേയും എങ്ങനെ ബാധിക്കും?"

---

കുറിപ്പുകൾ

[1]ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 231–32. [2]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 397. [3]ജോസെഫസ് *ആന്റിക്വിറ്റിസ്* 17.11.4; 18.4.6. [4]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി,* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 88. [5]അവന്റെ ജനനത്തിൽ നടന്ന അത്ഭുതം മാത്രമാണ് യോഹന്നാൻ സ്നാപകനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത് (ലൂക്കൊ 1). യേശു ശപിക്കുന്നവനാണെന്ന അറിവായിരുന്നു ഹെരോദാവിനുണ്ടായിരുന്നത്. അല്ലെങ്കിൽ യോഹന്നാൻ സ്നാപകൻ ജീവിച്ചിരുന്നപ്പോൾ തന്നെ യേശു പ്രസംഗിക്കുകയും അത്ഭുതങ്ങൾ നടത്തുകയും ചെയ്തിരുന്നത് അവൻ അറിയണമായിരുന്നു. [6]ജെ. ഡബ്ലിയു. മെകാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി വാല്യം.* 1, *മാത്യു*, ആന്റ് **മാർക്ക്** (എൻ.പി., 1875, റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 128. [7]ജാക് പി. ലേവിസ്, *ഏ കമെന്ററി ഓൺ*

*ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 13; നോക്കുക ജോസെഫസ് *വാഴ്സ്* 1.30.7. [8]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലാ: ജോൺ നോക്സ് പ്രസ്, 1993), 165. [9]ജോസെഫസ് *ആന്റികിറ്റിസ്* 18.5.2. [10]ഹെരോദാവ് ഫിലിപ്പോസ് II-ൽ (ഇടപ്രഭു) നിന്നു മറ്റൊരു സഹോദരനായ ഹെരോദാവ് ഫിലിപ്പൊസ് I നെ വേർതിരിച്ച് മനസിലാക്കണം. കൂടുതൽ വിവരങ്ങൾക്ക്, ഹാരോൾഡ് ഡബ്ലിയു. ഹോണെർ, "ഹെരോദ്യൻ ഡിനാസ്റ്റി," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോയേൽ ബി.ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 323–24.

[11]ജോസെഫസ് *ആന്റികിറ്റസ്* 18.5.1. തന്റെ മകളുടേയും മറ്റു വേദന അനുഭവിക്കുന്നവരുടേയും മോശമായ പെരുമാറ്റം നിമിത്തം, അരേതാസ് പിന്നീട് ഹെരോദാവ് അന്തിപ്പാസിന്റെ സൈന്യത്തെ ആക്രമിച്ച് കീഴ്പ്പെടുത്തി. [12]വിവാഹം രണ്ട് പാർട്ടികൾക്കും ആയുഷ്ക്കാലം മുഴുവനുമുള്ള സമർപ്പണമായിട്ടാണ് യേശു പറഞ്ഞത് (5:31, 32; 19:3–9) [13]ജോസെഫസ് *ആന്റികിറ്റസ്* 18.5.4. [14]വില്യം ഹെൻഡ്രിക്സൺ, *ന്യു ടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പൽ എക്കോഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 587. [15]ജോസെഫസ് *എഗൻസ്റ്റ് അപ്പിയോൺ* 2.26; മിഷ്നാ *അബോദാ സാരാഹ്* 1.3. [16]ഉദാഹരണത്തിന്, നോക്കുക ജോസെഫസ് *ആന്റികിറ്റസ്* 19.7.1. [17]വിൽക്കിൻസ്, 89–90. [18]എങ്ങനെയായാലും, ഹേരോദ്യയുടെ മകൾ ഉത്തേജിപ്പിക്കുന്നതിനേക്കാൾ കൃപയോടുകൂടിയ നൃത്തം ചെയ്ത് അവൾ ഹേരോദാവിനെ പ്രസാദിപ്പിച്ചു. നോക്കുക ഹാരോൾഡ് ഡബ്ലിയു. ഹോണർ, *ഹെരോദാവ് അന്തിപ്പാസ്*, സൊസൈറ്റീസ് ഫോർ ന്യുടെസ്റ്റമെന്റ് സ്റ്റഡീസ് മോണോഗ്രാഫ് സീരീസ്, 17 (കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, 1972), 156–57. [19]ജോസെഫസ് *ആന്റികിറ്റിസ്* 18.5.4. [20]ശലോമിയുടെ പ്രായം, 12നും 14നും ഇടക്കു വരുമെന്നാണ് ഹോണർ വാദിച്ചത്. (ഹോണർ, 154–56).

[21]അഹെശ്വെരേശ് രാജാവ് (സെർസെസ്), എസ്ഥേർ അടക്കം ഒരു സുന്ദരിയായ കന്യകയെ അന്വേഷിച്ചുകൊണ്ടിരുന്നതായാണ് സെപ്ത്വജിന്റിൽ *കൊരാസിയോൺ* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (എസ്. 2:2, 9). [22]ജോസെഫസ് *ആന്റികിറ്റിസ്* 18.5.4. [23]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർളി ക്രിസ്ത്യൻ ലിറ്ററേച്ചർ* 3 ഡ് എഡ്., റവ ആന്റ്. ഫ്രഡറിക്ക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്സ്, 2000), 814; ഡേവിഡ് ഹിൽ, *ദ ഗോസ്പൽ ഓഫ് മാത്യു* ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 244. [24]ജോൺ ലൈറ്റ് ഫൂട്ട്, *എ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് ഫ്രം ദ താൽമൂദ് ആന്റ് ഹെബ്രാനിക്ക: മാത്യു - 1 കൊരിന്ത്യൻസ്*, വാല്യം. 2, *മാത്യൂ-മാർക്ക്* (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, 1859; റീപ്രന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1979), 218; നോക്കുക മിഷ്നാ *സാൻഹേദ്രിൻ* 3.2. [25]കീനർ, 401. [26]ജോസഫസ് *ആന്റികിറ്റിസ്* 18.7.1, 2; *വാഴ്സ്* 2.9.6. [27]കൂടുതൽ വിവരങ്ങൾക്ക്, നോക്കുക കീനർ, 401. [28]നോക്കുക സുവെറ്റോണിയസ് *ലൈഫ്സ് ഓഫ് ദ സീസേഴ്സ്: ഗാൽബ* 20; റ്റാസിറ്റസ് *അനൽസ്* 14.57, 59, 64; ലിവി *ഹിസ്റ്ററി ഓഫ് റോം* 39.43.1–5. [29]ബാവർ, 895. [30]മെക്ക് ഗാർവേ, 130.

[31]ബാവർ, 34. [32]സെസലസ് സ്പിക്ക്, *തീയോളജിക്കൽ ലക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ്*, ട്രാൻസ് ആന്റ് എഡി. ജെയിംസ് ഡി. ഏണസ്റ്റ് (പീബഡി, മാസ്: ഹെൻഡ്രിക്സൺ പബ്ലിഷേസ്, 1994), 2:354.